പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 279

# 2025-ലെ മലയാളഭാഷാ ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 279

# 2025-ലെ മലയാളഭാഷാ ബിൽ

944/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 279

# 2025-ലെ മലയാളഭാഷാ ബിൽ

ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായി കേരളസംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷയായി മലയാളഭാഷയെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്തമേഖലകളിലും മലയാളഭാഷയുടെ പ്രയോഗം വ്യവസ്ഥചെയ്യുന്നതിനും മലയാളഭാഷയുടെ വളർച്ചയും വ്യാപനവും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും അതുമായിബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായി കേരളസംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷയായി മലയാളഭാഷയെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്തമേഖലകളിലും മലയാളഭാഷയുടെ ഉപയോഗം വ്യവസ്ഥചെയ്യുന്നതിനും മലയാളഭാഷയുടെ വളർച്ചയും വ്യാപനവും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ മലയാളഭാഷാ ആക്റ്റ് എന്ന് പേരു പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) " അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിന്റെ ഭരണനിർവഹണച്ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

(ബി) " ഒന്നാംഭാഷ" എന്നാൽ ഭാഷാപഠനത്തിന്റെ ഭാഗമായി നിർബന്ധമായും പഠിപ്പിക്കേണ്ട ഭാഷ എന്നർത്ഥമാകുന്നു;

(സി) " സർക്കാർ" എന്നാൽ കേരളസർക്കാർ എന്നർത്ഥമാകുന്നു;

(ഡി) " ഭാഷാന്യൂനപക്ഷം" എന്നാൽ പരമ്പരാഗതമായി ആശയവിനിമയത്തിന് തമിഴ്, കന്നഡ എന്നീ ഭാഷകൾ ഉപയോഗിക്കുന്നവരും കേരള സംസ്ഥാനത്തിൽ ന്യൂനപക്ഷഭാഷാപ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്ന വരുമായ ജനങ്ങൾ എന്നർത്ഥമാകുന്നു;

(ഇ) " ഔദ്യോഗികഭാഷ" എന്നാൽ ഔദ്യോഗികാവശ്യങ്ങൾക്കുള്ള ആശയവിനിമയത്തിനായി സംസ്ഥാനത്ത് ഉപയോഗിക്കുന്ന ഭാഷ എന്നർത്ഥമാകുന്നു;

(എഫ്) " നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) " സംസ്ഥാനം" എന്നാൽ കേരളസംസ്ഥാനം എന്നർത്ഥമാകുന്നു.

## അധ്യായം II

## മലയാളഭാഷാവികസനവകുപ്പും മലയാളഭാഷാവികസന ഡയറക്ടറേറ്റും

3. <u>മലയാളഭാഷാവികസനവകുപ്പും മലയാളഭാഷാവികസന ഡയറക്ടറേറ്റും.</u>—(1) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിലവിലുള്ള ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിനെ മലയാളഭാഷാവികസനവകുപ്പ് എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ്.

(2) സർക്കാർ, (1)-ാം ഉപവകുപ്പിൻകീഴിലുള്ള വകുപ്പിന്റെ നിയന്ത്രണത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചുകൊണ്ട് മലയാളഭാഷാവികസന ഡയറക്ടറേറ്റ് രൂപവൽക്കരിക്കേണ്ടതും അങ്ങനെയുള്ള ഡയറക്ടറേറ്റ് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

## അധ്യായം III

## ഔദ്യോഗികഭാഷയുടെ ഉപയോഗം

4. നിയമനിർമ്മാണമേഖല.—(1) സംസ്ഥാനത്തെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് 1963-ലെ ഔദ്യോഗികഭാഷാ ആക്റ്റിനു (1963-ലെ 19-ാം കേന്ദ്ര ആക്റ്റ്) വിധേയമായി,—

(i) കേരളസംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, സഭ പാസാക്കുന്ന ആക്റ്റുകൾ എന്നിവയിലും;

(ii) ഭരണഘടനയുടെ 213-ാം അനുച്ഛേദമനുസരിച്ച് കേരള ഗവർണ്ണർ വിളംബരപ്പെടുത്തുന്ന ഓർഡിനൻസുകളിലും;

(iii) ഭരണഘടനപ്രകാരമോ പാർലമെന്റോ കേരളസംസ്ഥാന നിയമസഭയോ ഉണ്ടാക്കിയ ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും ചട്ടങ്ങളിലും റെഗുലേഷനുകളിലും ബൈലാകളിലും ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കേണ്ടതും അപ്രകാരം മലയാളഭാഷ ഉപയോഗിക്കുമ്പോൾ അവയുടെ ഇംഗ്ലീഷ് പരിഭാഷ കൂടി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(2) ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രധാനപ്പെട്ട കേന്ദ്ര ആക്റ്റുകളും സംസ്ഥാന ആക്റ്റുകളും അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തി മലയാളത്തിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ തർജമ ചെയ്യേണ്ടതാണ്.

(3) ആക്റ്റുകൾക്കുകീഴിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങളുടെ മലയാളപരിഭാഷകൂടി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

5. ഔദ്യോഗികഭാഷാമേഖല.—(1) ഇന്ത്യൻ ഭരണഘടനയുടെ 346, 347 അനുച്ഛേദങ്ങൾക്കു വിധേയമായി കേരളസംസ്ഥാനത്തെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കേണ്ടതാണ്.

(2) സംസ്ഥാനസർക്കാരിന്റെ കീഴിൽ നിലവിലുള്ളതും പുതിയതായി രൂപവൽക്കരിക്കുന്നതുമായ എല്ലാ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും സംസ്ഥാനസർക്കാരിനു കീഴിലുള്ള അർധസർക്കാർ, സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങൾക്കും (1)-ാം ഉപവകുപ്പ് ബാധകമായിരിക്കുന്നതാണ്:

എന്നാൽ കേന്ദ്രസർക്കാർ, കേന്ദ്രസർക്കാർസ്ഥാപനങ്ങൾ, മറ്റു രാജ്യങ്ങൾ, മറ്റു സംസ്ഥാനങ്ങൾ, ഹൈക്കോടതി, സുപ്രീംകോടതി എന്നിവയുമായുള്ള കത്തിടപാടുകൾക്കും

നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കേണ്ടിവരുന്ന മറ്റേതെങ്കിലും സാഹചര്യത്തിലും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷക്കാരുമായുള്ള കത്തിടപാടുകളിലും ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്.

6. <u>വിദ്യാഭ്യാസ-ഗവേഷണമേഖല</u>.—(1) കേരളത്തിലെ എല്ലാ സംസ്ഥാന സർക്കാർ-എയ്ഡഡ് സ്കൂളുകളിലും X-ാം സ്റ്റാൻഡേർഡ് വരെ നിർബന്ധിത ഒന്നാംഭാഷ മലയാളം ആയിരിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളഭാഷാവ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) മലയാളഭാഷയല്ലാതെ മറ്റേതെങ്കിലും ഭാഷ, മാതൃഭാഷയായിട്ടുള്ള വിദ്യാർഥികൾക്ക് അവരുടെ മാതൃഭാഷയ്ക്കുപുറമേ മലയാളഭാഷകൂടി പഠിക്കാൻ അവസരം നൽകേണ്ടതാണ്.

7. <u>ഇതരസംസ്ഥാന-ഭാഷാന്യൂനപക്ഷങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ</u>.— 5-ാം വകുപ്പിലോ 6-ാം വകുപ്പിലോ എന്തുതന്നെയടങ്ങിയിരുന്നാലും,—

(1) സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും വകുപ്പധ്യക്ഷൻമാരുമായും ഇക്കാര്യത്തിൽ ഭാഷാന്യൂനപക്ഷപ്രദേശങ്ങളെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സംസ്ഥാനസർക്കാരിന്റെ എല്ലാ പ്രാദേശിക ഓഫീസുകളുമായുള്ള അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷകൾ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അതതു ന്യൂനപക്ഷഭാഷയിൽത്തന്നെ ആയിരിക്കേണ്ടതുമാണ്.

(2) മലയാളഭാഷയല്ലാതെ മറ്റേതെങ്കിലും ഭാഷ, മാതൃഭാഷയായിട്ടുള്ള വിദ്യാർഥികൾക്ക് ദേശീയപാഠ്യപദ്ധതിക്കനുസൃതമായി അവർക്കിഷ്ടമുള്ളതും സംസ്ഥാനത്തെ സ്കൂളുകളിൽ ലഭ്യമായതുമായ ഭാഷകളിൽ അധ്യയനം നടത്താവുന്നതാണ്.

(3) ഇതരസംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിൽ വന്നു പഠിക്കുന്ന മലയാളികളല്ലാത്ത വിദ്യാർഥികളെ IX-ാം സ്റ്റാൻഡേർഡിലും X-ാം സ്റ്റാൻഡേർഡിലും ഹയർസെക്കൻഡറിതലത്തിലും മലയാളപരീക്ഷ എഴുതുന്നതിൽനിന്ന് ഒഴിവാക്കേണ്ടതാണ്.

8. <u>ഏകീകൃത ലിപിവിന്യാസം</u>.—ശാസ്ത്ര-സാങ്കേതികരംഗത്തെ വികസനത്തിനനുസൃതമായി ഏകീകൃത ലിപിവിന്യാസം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നടപ്പിലാക്കേണ്ടതാണ്.

## അധ്യായം IV

## കോടതിഭാഷ

9. കോടതിഭാഷ.—(1) ഹൈക്കോടതിയുടെ അനുമതിയോടെ, ജില്ലാ കോടതിവരെയുള്ള കോടതികളിൽ ഉപയോഗിക്കുന്ന ഭാഷയും കേസുകളിലെ വിധിന്യായങ്ങളും ഉൾപ്പെടെ എല്ലാ നടപടികളും ഘട്ടംഘട്ടമായി ഒരു നിശ്ചിത കാലയളവിനുള്ളിൽ മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്നപ്രകാരം സർക്കാർ ലഭ്യമാക്കേണ്ടതാണ്.

(2) ഹൈക്കോടതിയിൽ അപ്പീൽ ഫയൽചെയ്യുന്നതിനാവശ്യമായ വിധിന്യായങ്ങൾ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനം നിർണ്ണയിക്കപ്പെടാവുന്നപ്രകാരം ജില്ലാതലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

(3) മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെയടങ്ങിയിരുന്നാലും, സർക്കാരിനുകീഴിലുള്ള അർധ ജുഡീഷ്യൽ അധികാരമുള്ള എല്ലാ സ്ഥാപനങ്ങളിലെയും ഉത്തരവുകൾ അല്ലെങ്കിൽ വിധിന്യായങ്ങൾ മലയാളഭാഷയിലായിരിക്കേണ്ടതാണ്:

എന്നാൽ ഭാഷാന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകൾ അവരുടെ മാതൃഭാഷയിലോ ഇംഗ്ലീഷിലോ ലഭ്യമാക്കേണ്ടതാണ്.

## അധ്യായം V

## പൊതുവായ ഭാഷാവ്യാപന നടപടികൾ

10. പൊതുവായ ഭാഷാവ്യാപന നടപടികൾ.—(1) സർക്കാർ അഥവാ സർക്കാരിനു കീഴിലുള്ള സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങളുടെ പേര്, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ രേഖപ്പെടുത്തുന്ന ബോർഡുകൾ, പ്രസ്തുത സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ബോർഡുകൾ എന്നിവ മലയാളത്തിലും ഇംഗ്ലീഷിലും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രേഖപ്പെടുത്തേണ്ടതാണ്.

(2) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ അനുമതിയോടെയോ അംഗീകാരത്തോടെയോ പ്രവർത്തിക്കുന്ന വാണിജ്യ-വ്യവസായ- വ്യാപാരസ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, കൗൺസലിങ് സെന്ററുകൾ, ആശുപത്രികൾ, ലബോറട്ടറികൾ, വിനോദകേന്ദ്രങ്ങൾ, ഹോട്ടലുകൾ തുടങ്ങിയവയുടെ ബോർഡുകൾ ആദ്യപകുതി മലയാളത്തിലും രണ്ടാംപകുതി ഇംഗ്ലീഷിലും ആയിരിക്കേണ്ടതാണ്.

(3) സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും അർധസർക്കാർ, സഹകരണ സ്ഥാപനങ്ങളുടെയും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന ബോർഡുകളിൽ പ്രദർശിപ്പിക്കുന്ന വിവരങ്ങൾ മലയാളത്തിലായിരിക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം, അത്തരം ബോർഡുകൾ ഇംഗ്ലീഷിലോ മറ്റു ഭാഷയിലോ നിർണ്ണയിക്കപ്പെടുന്നപ്രകാരം പ്രദർശിപ്പിക്കാവുന്നതാണ്.

(4) സർക്കാരിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ പ്രതിഫലം വാങ്ങിക്കൊണ്ട് ചെയ്യുന്ന ഏതൊരു പ്രവൃത്തിയോടനുബന്ധിച്ചും സ്ഥാപിക്കുന്ന ബോർഡുകൾ മലയാളത്തിന് പ്രാമുഖ്യംനൽകി പ്രദർശിപ്പിക്കേണ്ടതാണ്.

(5) സർക്കാരിനുകീഴിലുള്ളതോ സർക്കാരിൽനിന്നോ അനുബന്ധ സ്ഥാപനങ്ങളിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യമോ ഇളവോ പ്രതിഫലമോ സ്വീകരിച്ച് നടത്തുന്ന ഏതൊരു സംരംഭവുമായും ബന്ധപ്പെട്ട ബോർഡുകൾ, പരസ്യങ്ങൾ, ബില്ലുകൾ, അറിയിപ്പുകൾ തുടങ്ങിയവ മലയാളത്തിലായിരിക്കേണ്ടതാണ്.

(6) സംസ്ഥാനത്ത് നിർമ്മിക്കപ്പെടുന്നതോ വിൽക്കപ്പെടുന്നതോ ആയ എല്ലാ വ്യാവസായിക ഉൽപ്പന്നങ്ങളിലും അവയുടെ പേര് മലയാളത്തിൽക്കൂടി രേഖപ്പെടുത്തേണ്ടതും അവയുടെ ഉപയോഗക്രമം വിശദമാക്കുന്ന ഉൽപ്പന്നങ്ങളിൽ അത് മലയാളത്തിൽക്കൂടി രേഖപ്പെടുത്തേണ്ടതുമാണ്.

(7) സർക്കാർ നൽകുന്ന പരസ്യങ്ങൾ, പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ എന്നിവ കേരളത്തിനുള്ളിൽ പ്രചാരണംനൽകുന്നതിന് ഉദ്ദേശിക്കുമ്പോൾ അവ മലയാളത്തിലായിരിക്കേണ്ടതാണ്:

എന്നാൽ മറ്റുഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളിൽ അതതു ഭാഷകളിൽ അങ്ങനെയുള്ള പരസ്യങ്ങൾ ആവശ്യമെങ്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

(8) സർക്കാർ നടത്തുന്ന പരിപാടികളുടെ ലഘുലേഖകൾ, അറിയിപ്പുകൾ, നോട്ടീസുകൾ തുടങ്ങിയവ മലയാളത്തിൽ ലഭ്യമാക്കേണ്ടതാണ്.

(9) സംസ്ഥാനത്ത് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, ബോർഡുകൾ, അറിയിപ്പുകൾ എന്നിവയും സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ എന്നിവയിൽ പ്രസിദ്ധപ്പെടുത്തുന്ന സർക്കാർപരസ്യങ്ങൾ എന്നിവയിലും അവയുടെ വലിപ്പത്തിന്റെ നിശ്ചിതശതമാനം മലയാളത്തിലായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പരസ്യങ്ങളുടെ തരംതിരിക്കൽ, മലയാളത്തിലായിരിക്കേണ്ട ഭാഗത്തിന്റെ തോത്/ശതമാനം എന്നിവ

നിർണ്ണയിക്കപ്പെടാവുന്നപ്രകാരമായിരിക്കുന്നതാണ്. അവശ്യം ഇംഗ്ലീഷ് ഉപയോഗിക്കേണ്ട സാഹചര്യങ്ങൾ ഒഴികെയുള്ള അവസരങ്ങളിൽ പരസ്യങ്ങൾ മലയാളത്തിലായിരിക്കേണ്ടതാണ്:

എന്നാൽ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷപ്രദേശങ്ങളിൽ അവരുടെകൂടി അറിവിലേക്കു പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, അറിയിപ്പുകൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവ അതതു പ്രദേശത്തെ ന്യൂനപക്ഷഭാഷയിൽക്കൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## അധ്യായം VI

## വിവരസാങ്കേതികമേഖലയിൽ മലയാളഭാഷയുടെ ഉപയോഗം

11. വിവരസാങ്കേതികമേഖലയിൽ മലയാളഭാഷയുടെ ഉപയോഗം.—(1) വിവരസാങ്കേതികരംഗത്ത് മലയാളഭാഷയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി സ്വതന്ത്രസോഫ്റ്റ്‌വെയറുകളും അനുബന്ധസംവിധാനങ്ങളും വികസിപ്പിക്കേണ്ടതും വിവരസാങ്കേതികവകുപ്പ് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും അർധസർക്കാർ സ്ഥാപനങ്ങളുടെയും സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കേണ്ടതും ഡിഫോൾട്ടുപേജ് മലയാളമാക്കേണ്ടതും ഭാഷ തിരഞ്ഞെടുത്ത് ഉപയോഗിക്കത്തക്കവിധം വെബ്സൈറ്റ് സജ്ജമാക്കേണ്ടതുമാണ്.

(3) സർക്കാർവകുപ്പുകളിൽ ഏർപ്പെടുത്തുന്ന ഇ-ഭരണപദ്ധതിയിലെ (മൊബൈൽ ഗവേണൻസ് ഉൾപ്പെടെ) അടിസ്ഥാനഭാഷ മലയാളമായിരിക്കേണ്ടതാണ്.

12. മലയാളഭാഷയുടെ വ്യാപനത്തിന് നൽകുന്ന പ്രോത്സാഹനങ്ങൾ.—മലയാളഭാഷയുടെ വ്യാപനം കാര്യക്ഷമമാക്കുന്നതിനായി വിവരസാങ്കേതികകാര്യങ്ങളിലുൾപ്പെടെ ക്രിയാത്മകനിർദേശങ്ങൾ സർക്കാരിനു സമർപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

13. ഈ ആക്റ്റ് മറ്റു നിയമങ്ങളുടെ പ്രഭാവത്തെ ഇല്ലായ്മ ചെയ്യുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾക്കു പുറമേയുള്ളതും അവയുടെ പ്രഭാവത്തെ ഇല്ലായ്മ ചെയ്യുന്നതല്ലാത്തതുമാകുന്നു.

14. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റുവിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്കു ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

15. <u>വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കംചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിമുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും അതു പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

16. <u>റദ്ദാക്കലും ഒഴിവാക്കലും</u>.— (1) 1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്റ്റ് (1969-ലെ 7) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ആക്റ്റുപ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായി കേരളസംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളഭാഷയെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്തമേഖലകളിലും മലയാളഭാഷയുടെ

പ്രയോഗം വ്യവസ്ഥചെയ്യുന്നതിനും മലയാളഭാഷയുടെ വളർച്ചയും വ്യാപനവും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുമായി മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 376-ാം നമ്പർ ആയി പാസ്സാക്കി ബഹു. രാഷ്ട്രപതിയുടെ അനുമതിയ്ക്കായി അയച്ചിരുന്നു. എന്നാൽ ബഹു. രാഷ്ട്രപതി കാരണമൊന്നും വ്യക്തമാക്കാതെ പ്രസ്തുത ബില്ലിന് 13-5-2025-ന് അനുമതി നിഷേധിച്ചിരുന്നു.

1963-ലെ ഔദ്യോഗികഭാഷാ ആക്റ്റിന്റെ 6-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിരുദ്ധമായ വ്യവസ്ഥകൾ ഉൾപ്പെട്ടതിനാലാണ് ബില്ലിന് ബഹു. രാഷ്ട്രപതിയുടെ അനുമതി തേടിയത്. എന്നാൽ കേന്ദ്രസർക്കാർ ബില്ലിലെ മറ്റുചില വ്യവസ്ഥകളിലും, അതായത് ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശം, ദേശീയ പാഠ്യപദ്ധതിക്കനുസൃതമായ ത്രിഭാഷാ പഠനം, 2009-ലെ വിദ്യാഭ്യാസ അവകാശനിയമത്തിലെ വ്യവസ്ഥകൾ എന്നിവ അടിസ്ഥാനപ്പെടുത്തി തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നു.

പ്രസ്തുത ന്യൂനതകൾ ഒഴിവാക്കിക്കൊണ്ട് പതിമൂന്നാം കേരള നിയമസഭയുടെ 376-ാം നമ്പർ ബില്ലിനുപകരമായി സമഗ്രമായ ഒരു ബിൽ അവതരിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിന്റെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം മലയാളഭാഷാവികസനഡയറക്ടറേറ്റിന്റെ ചുമതലകൾ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിന്റെ 4-ാം ഖണ്ഡം,— (i) (2)-ാം ഉപഖണ്ഡം കേന്ദ്ര ആക്റ്റുകളും സംസ്ഥാന ആക്റ്റുകളും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുന്നതിനുള്ള കാലാവധിയും;

(ii) (3)-ാം ഉപഖണ്ഡം ആക്റ്റുകൾക്കുകീഴിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങളുടെ മലയാളം പ്രസിദ്ധീകരിക്കുന്നതിനു കാലാവധിയും

നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിന്റെ 8-ാം ഖണ്ഡം ഏകീകൃത ലിപിവിന്യാസം നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിന്റെ 9-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡം കോടതിയുടെ വിധിന്യായങ്ങൾ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ മലയാളത്തിലാക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർണ്ണയിക്കുവാനും;

(ii) (2)-ാം ഉപഖണ്ഡം ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനാവശ്യമായ വിധിന്യായങ്ങൾ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള സംവിധാനം ജില്ലാതലത്തിൽ ഏർപ്പെടുത്തുവാനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിന്റെ 10-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡം സർക്കാർ അഥവാ സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ബോർഡുകളും പ്രസ്തുത സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ബോർഡുകളും രേഖപ്പെടുത്തേണ്ട വിധം നിർണ്ണയിക്കുവാനും;

(ii) (3)-ാം ഉപഖണ്ഡം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന ബോർഡുകൾ മറ്റു ഭാഷകളിൽ പ്രദർശിപ്പിക്കുന്നത് നിർണ്ണയിക്കുവാനും;

(iii) (9)-ാം ഉപഖണ്ഡം, പൊതുജനങ്ങളുടെ അറിവിലേയ്ക്ക് പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളുടെ തരംതിരിക്കൽ, മലയാളത്തിലായിരിക്കേണ്ട ഭാഗത്തിന്റെ തോത്/ശതമാനം നിർണ്ണയിക്കുവാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിന്റെ 12-ാം ഖണ്ഡം മലയാളഭാഷയുടെ വ്യാപനം കാര്യക്ഷമമാക്കുന്നതിനായി വിവരസാങ്കേതികകാര്യങ്ങളിലുൾപ്പെടെ ക്രിയാത്മക നിർദേശങ്ങൾ സർക്കാരിനു സമർപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിന്റെ 14-ാം ഖണ്ഡം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിന്റെ 15-ാം ഖണ്ഡം ആക്റ്റ് വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള വൈഷമ്യങ്ങൾ നീക്കം ചെയ്യാൻ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും, വിജ്ഞാപനങ്ങളും, ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം, അതിനാൽ, ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പിണറായി വിജയൻ.